(ബി) ഇലക്ട്രിസിറ്റി ബോർഡിന് ആവശ്യമുള്ള ട്രാൻസ്ഫോർമറുകൾ മുഴുവനും കെല്ലിൽ നിന്നാണോ വാങ്ങുന്നത്; മറ്റേതെങ്കിലും കമ്പനികളിൽ നിന്നും വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികളിൽ നിന്ന് എന്തു തുകയ്ക്കുള്ള എത്ര ട്രാൻസ്ഫോർമറുകൾ വാങ്ങി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫ്യൂസ് യൂണിറ്റ്,

ട്രാൻസ്ഫോർമർ

ഏകദേശം 33.02 കോടി രൂപ.

(ബി) മുഴുവൻ ട്രാൻസ്ഫോർമറുകളും കെല്ലിൽ നിന്നല്ല വാങ്ങുന്നത്. മറ്റു കമ്പനികളിൽ നിന്നും വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1.	ഇൻഡോ ടെക് ഇലക്ട്രിക് കമ്പനി, പാലക്കാട്	510 എണ്ണം	3.28 കോടി രൂപ
2.	ഇൻഡോ ടെക് ട്രാൻസ്ഫോർമർ, പാലക്കാട്	390 എണ്ണം	2.19 കോടി രൂപ
3.	കറന്റ് ഇലക്ട്രിക്കൽസ്, ചെന്നൈ	50 എണ്ണം	44.73 ലക്ഷം രൂപ
4.	മെട്രോപോളിറ്റൻ കമ്പനി, തിരുവനന്തപുരം	600 എണ്ണം	2.51 കോടി രൂപ
5.	ടെൽക്, അങ്കമാലി	20 എണ്ണം	2.62 കോടി രൂപ
6.	ജി.ഇ.സി. അർന്ധം ലിമിറ്റഡ്	8 എണ്ണം	1.07 കോടി രൂപ
6.	ഭെൽ	17 എണ്ണം	29.71 ലക്ഷം രൂപ

126 (1035) എ.കെ.ജി. സെന്ററിന്റെ വൈദ്യുതി കണക്ഷൻ

ശ്രീ. പി.ജെ. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന എ.കെ.ജി. സെന്ററിന്റെ വൈദ്യുതി കണക്ഷന്റെ കൺസ്യൂമർ നമ്പരുകൾ എന്തെല്ലാം;

(ബി) 1999 ജനുവരി മുതൽ വൈദ്യുതി ചാർജ് ഇനത്തിൽ ഓരോ കൺസ്യൂമർ നമ്പറിലും എത്ര ഉറുപ്പിക വീതം ബില്ല് വന്നു എന്ന് വ്യക്തമാക്കാമോ;

(സി) എ.കെ.ജി. സെന്ററിന് വൈദ്യുതി കണക്ഷന് എത്ര ഉറുപ്പിക യാണ് ഡിപ്പോസിറ്റ് വച്ചിരിക്കുന്നത്;

(ഡി) അഡീഷണൽ ഡിപ്പോസിറ്റ് അടയ്ക്കണമെന്ന് കാണിച്ച് എ.കെ.ജി. സെന്ററിന് വൈദ്യുതി ബോർഡ് നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ്?

ഉത്തരം

(എ) എച്ച്.റ്റി.ബി. 20/3453.

(ബി)

മാസം		വൈദ്യുതി ചാർജ്ജ്
ജനുവരി 99	-	22,244/-രൂപ
ഫെബ്രുവരി 99	-	22,364/-രൂപ
മാർച്ച്	-	26,427/-രൂപ
ഏപ്രിൽ	-	25,159/-രൂപ

LIBRARY ARCHIVES Kerala Legislative Assembly

മേയ്	-	38,167/-രൂപ
ജൂൺ	-	33,522/-രൂപ
ആഗസ്റ്റ്	-	38,137/-രൂപ
സെപ്റ്റംബർ	-	30,543/-രൂപ
ഒക്ടോബർ	-	31,480/-രൂപ
നവംബർ	-	33,782/-രൂപ

(സി) 1,08,000 രൂപ.

(ഡി) ഇല്ല. ഇപ്പോൾ തന്നെ മതിയായ കാഷ് ഡിപ്പോസിറ്റ് ഈ ഉപ ഭോക്താവിനുണ്ട്.

127 (1036) സഹകരണ അക്കാദമിയുടെ കീഴിൽ ഏറണാകുളത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജ്

ശ്രീ. കെ. മുഹമ്മദാലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ അക്കാദമിയുടെ കീഴിൽ എറണാകുളത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഇതിന്റെ അംഗീകാരത്തിനായി ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന് അപേക്ഷയും ആവശ്യമായ മറ്റു രേഖകളും നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ കൗൺസിലിൽ നിന്നും ലഭിച്ച മറുപടി വ്യക്തമാക്കുമോ;

(ഡി) ഈ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കുവാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) സഹകരണ അക്കാദമിയുടെ കീഴിൽ എറണാകുളത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു സ്പെഷ്യലാഫീസറെ നിയമിക്കുകയും, എറണാകുളത്ത് ഒരു ആഫീസ് തുറക്കുകയും ചെയ്തു. ടി കോളേജിന് വേണ്ടി സർക്കാർ അനുവദിച്ച സ്ഥലം അക്കാദമി ഏറ്റെടുത്തു. ഇവിടെ കോളേജിനാവശ്യമായ കെട്ടിട നിർമ്മാണത്തിനായി സർവേ നടത്തി മാപ്പുകൾ തയ്യാറാക്കിയിട്ടുണ്ട്. കോളേജിനോടനുബന്ധിച്ച് ഉണ്ടായിരിക്കേണ്ട നിശ്ചിത സൗകര്യങ്ങൾ ഉള്ള ആശുപത്രി കോളേജാവശ്യത്തിലേക്ക് ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധനകൾ നടന്നു വരുന്നു.

(ബി&സി)ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിന് ആവശ്യമായ രേഖകൾ തയ്യാറാക്കി വരുന്നു. രേഖകൾ സജ്ജമാകുന്ന മുറയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതാണ്.

(ഡി) അടുത്ത അദ്ധ്യയന വർഷം മുതൽ.

LIBRARY ARCHIVES Kerala Legislative Assembly